പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3501 11-12-2018-ലെ മറുപടിയ്ക്ക്

# രാസവള വിഹിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ഒ.ആർ. കേളു<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | രാസവളങ്ങളുടെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതിനാൽ സംസ്ഥാനത്ത് യൂറിയ, പൊട്ടാഷ് തുടങ്ങിയവയുടെ ക്ഷാമം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഒക്ടോബർ മാസം അവസാനം തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വളത്തിന്റെ ലഭ്യത കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിനുള്ള രാസവളവിഹിതം വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ഇറക്കുമതി ചെയ്യുന്ന വളങ്ങളുടെ ലഭ്യത ഡോളർ നിരക്കിലുള്ള വ്യത്യാസം കാരണം ബാധിച്ചിട്ടുണ്ട്. റെയിൽവേ ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ആവശ്യമായ വളം റോഡ് മാർഗ്ഗം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥലങ്ങളിലും വളങ്ങളുടെ ലഭ്യത ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | കേന്ദ്ര സർക്കാർ കേരളത്തിനുള്ള രാസവള വിഹിതം വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ; | | |
| (സി) | പ്രളയത്തിന് ശേഷം കാർഷിക മേഖലയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ സജീവമാകുന്ന ഈ സമയത്തുണ്ടായ രൂക്ഷമായ വളം ക്ഷാമം ഏതെല്ലാം വിളകളെയാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | രാസവളങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ കേന്ദ്ര സർക്കാരുമായും വളം വിതരണം ചെയ്യുന്ന കമ്പനിക്കാരുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ വളം വിതരണം നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ള കമ്പനികളുടെ വിഹിതം മറ്റ് കമ്പനികൾക്ക് മാറ്റി നൽകുകയും വളങ്ങളുടെ ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വളത്തിന്റെ ക്ഷാമത്തോടൊപ്പം വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് ഉല്പാദനക്ഷമതയെ സാരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ വളം വിൽപ്പന നടത്തുന്ന കമ്പനികൾക്ക് നൽകിയതിനാലാണ് വില വർദ്ധനവ് ഉണ്ടായത്. അസംസ്കൃത വസ്തുക്കളുടെ വില |

| | | | |
|---|---|---|---|
| | | | വർദ്ധനവും ഡോളർ നിരക്കിലെ വ്യത്യാസവും വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. വളങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വില കർഷകരിൽ നിന്നും ഈടാക്കാതിരിക്കുവാൻ നിലവിൽ പി.ഒ.എസ് മെഷീനുകൾ മുഖേനയാണ് നേർ വളങ്ങളും കോംപ്ലെക്സ് വളങ്ങളും വിൽപ്പന നടത്തുന്നത്. പി.ഒ.എസ് മെഷീനുകൾ മുഖേന വാങ്ങുന്ന വളങ്ങൾക്ക് അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന എം.ആർ.പി നൽകിയാൽ മതി. ഇതിനെക്കുറിച്ച് കർഷകരെ ബോധവത്കരിക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി.ഒ.എസ് മെഷീൻ ഉപയോഗിക്കാത്ത ഡിപ്പോകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ശക്തമായ ഇടപെടൽ നടത്തുകയും പ്രശ്ന പരിഹാരം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദന ക്ഷമതയെ ബാധിക്കത്തക്ക രീതിയിൽ ഉള്ള രാസവളക്ഷാമം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**